# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1076 04/12/2014-ലെ മറുപടിക്ക്

### പ്ലസ് വൺ ബാച്ചുകൾ

| ചോദ്യം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വിവിധ മേഖലകളിലായി പ്രവർത്തിച്ചു വരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014 – 15 അക്കാദമിക് വർഷത്തിൽ അനാദായകരമായിട്ടുള്ളവ എത്രയാണ്; | (എ) | വിവിധ മേഖലകളിലായി പ്രവർത്തിച്ചു വരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014 – 15 അക്കാദമിക് വർഷത്തിൽ അനാദായകരമായവ കണ്ടെത്തിയിട്ടില്ല. |
| (ബി) | ഒറ്റ വിദ്യാർത്ഥിപോലും പ്രവേശനം നേടിയിട്ടില്ലാത്ത എത്ര ബാച്ചുകൾ ഉണ്ട്; മൊത്തം ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ എത്ര; | (ബി) | ഒറ്റ വിദ്യാർത്ഥിപോലും പ്രവേശനം നേടിയിട്ടില്ലാത്ത 7 ബാച്ചുകൾ ഉണ്ട്. ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ 31,652. |
| (സി) | 2014-15 വർഷത്തിൽ അനുവദിക്കപ്പെട്ട പ്ലസ് വൺ ബാച്ചുകൾ എത്രയായിരുന്നു; ഇതിൽ അനാദായകരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര; എത്ര കുട്ടികളിൽ കുറഞ്ഞ ബാച്ചുകളെയാണ് അനാദായകരമായി കരുതുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സർക്കാർ/ എയ്ഡഡ് മേഖലയിൽ 2014-15 അധ്യയന വർഷത്തേയ്ക്ക് ആകെ അനുവദിച്ച ഹയർസെക്കന്ററി ബാച്ചുകളുടെ എണ്ണം 421. അതിൽ 24.11.2014-ലെ സ.ഉ(കൈ)നം. 247/14/പൊവി പ്രകാരം 417 ഹയർസെക്കന്ററി ബാച്ചുകൾ 2014 – 15 അദ്ധ്യയന വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ 40 കുട്ടികൾ മിനിമം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർസെക്കന്ററി മേഖലയിൽ 'അനാദായകരമായ ബാച്ചുകൾ' എന്നത് നിർവചിക്കപ്പെട്ടിട്ടില്ല. |
| (ഡി) | 40 കുട്ടികൾ എങ്കിലും ഇല്ലാത്ത ഏതെങ്കിലും പുതിയ ബാച്ചുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക്? | (ഡി) | 2014-15 അധ്യയന വർഷത്തിൽ പുതുതായി അനുവദിച്ച സ്കൂളുകളിൽ ഒരു ബാച്ച് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് 40 കുട്ടികൾ ആവശ്യമുണ്ടെന്ന് നിഷ്കർഷിച്ചിരുന്നു. അപ്രകാരം 40 കുട്ടികൾ പ്രവേശനം നേടിയിട്ടില്ലാത്ത 5 സ്കൂളുകൾ ഉള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ എണ്ണം എത്രയെന്നത് പ്രസ്തുത സ്കൂളുകൾ |

പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ. ആയതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ